# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3851 12.12.2018- ൽ മറുപടിയ്ക്ക്

### മന്ത്രിമാരുടെ വിദേശരാജ്യ സന്ദർശനം

| | ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മിതിക്കായുള്ള ധനസമാഹരണത്തിന് സംസ്ഥാനത്തെ മന്ത്രിമാരെ വിവിധ രാജ്യങ്ങളിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | എ) | പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മിതിക്കായുള്ള വിഭവസമാഹരണത്തിന് മുഖ്യമന്ത്രിയും മന്ത്രിമാരും വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്നതിനുള്ള തീരുമാനം എടുത്തിരുന്നു. യു.എ.ഇ., സൗദി അറേബ്യ ഒമാൻ, ഖത്തർ, ബഹ്റൈൻ, കുവൈറ്റ്, സിംഗപ്പൂർ, മലേഷ്യ, ആസ്ട്രേലിയ, ന്യൂസിലാന്റ്, യുണൈറ്റഡ് കിങ്ഡം, ജർമനി, ഓസ്ട്രിയ, ഇറ്റലി, സ്വിറ്റ്സർലാന്റ്, ദി നെതർലാന്റ്സ്, യു.എസ്.എ., കാനഡ, ശ്രീലങ്ക, മാലിദ്വീപ് എന്നീ രാജ്യങ്ങൾ സന്ദർശിക്കുവാനാണ് തീരുമാനിച്ചിരുന്നത്. |
| ബി) | മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതിക്കായുള്ള ധനസമാഹരണത്തിന് വിദേശരാജ്യങ്ങൾ സന്ദർശിച്ചിരുന്നുവോ; വിശദവിവരം നൽകുമോ; | ബി) | മുഖ്യമന്ത്രിക്ക് മാത്രമാണ് വിദേശത്ത് (യു.എ.ഇ) പോകാനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചത്. |
| സി) | പ്രസ്തുത സന്ദർശനം വഴി ഓരോ രാജ്യത്തിൽ നിന്നും പ്രളയദുരിതാശ്വാസ ഫണ്ടിലേക്ക് ലഭിച്ച തുകയുടെ കണക്ക് വിശദമാക്കുമോ? | സി) | മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനത്തെ തുടർന്ന് കേരളത്തിന്റെ പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വിദേശ മലയാളികളിൽ നിന്നും മറ്റുള്ളവരിൽ നിന്നും ഡോണേഷൻ പോർട്ടൽ വഴിയും, വിദേശ മണിട്രാൻസ്ഫർ എക്സ്ചേഞ്ചുകൾ വഴിയും ദുരിതാശ്വാസനിധിയിലേക്ക് പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതിക്കായി |

| | | | |
|---|---|---|---|
| | | | വിഭവ സമാഹരണം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. വിദേശ സന്ദർശനത്തിന്റെ ഭാഗമായി ദുരിതാശ്വാസ ഫണ്ടിലേക്ക് ലഭിച്ച തുക എത്രയെന്ന് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**